➪ *മൂന്ന് പ്രധാന പ്രശ്നങ്ങളാണ് കമ്മിറ്റി കണ്ടെത്തിയിരിക്കുന്നത്* ➪

**രാജ്യത്തെ** വനം-പരിസ്ഥിതി നിയമങ്ങൾ പുനഃപരിശോധിക്കാനായി കേന്ദ്ര സർക്കാർ നിയോഗിച്ച ടി.എസ്.ആർ. സുബ്രഹ്മണ്യൻ ചെയർമാനായ സമിതയുടെ റിപ്പോർട്ട് വലിയ എതിർപ്പുകൾക്ക് വഴിവച്ചിരിക്കുകയാണ്. വിനാശ വികസന പദ്ധതികളിൽ നിന്നും പരിസ്ഥിതിയേയും ജനങ്ങളെയും സംരക്ഷിച്ചു നിർത്തിയിരുന്ന നിയമങ്ങൾ കോർപ്പറേറ്റ് താത്പര്യങ്ങൾ സംരക്ഷിക്കും വിധം പൊളിച്ചെഴുതാനാണ് ടി.എസ്.ആർ കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്നതെന്ന ശക്തമായ വിമർശനം പരിസ്ഥിതി ഗ്രൂപ്പുകൾ ശക്തമായി ഉന്നയിച്ചുതുടങ്ങിയിരിക്കുന്നു. അഞ്ച് പരിസ്ഥിതി നിയമങ്ങൾ ഇപ്പോഴത്തെ ആവശ്യങ്ങളുമായി പൊരുത്തപ്പെടും വിധം പൊളിച്ചെഴുതണമെന്നാണ് ടി.എസ്.ആർ കമ്മിറ്റിക്ക് സർക്കാർ നൽകിയ നിർദ്ദേശം പോലും പറയുന്നത്. ഇപ്പോഴത്തെ ആവശ്യങ്ങൾ പരിഗണിച്ച്

## ടി.എസ്.ആർ. സുബ്രഹ്മണ്യൻ കമ്മിറ്റി:

# പരിസ്ഥിതി നിയമങ്ങളെ കൊല്ലരുത്

വിനാശ വികസന പദ്ധതികളിൽ നിന്നും പരിസ്ഥിതിയേയും ജനങ്ങളെയും സംരക്ഷിച്ചു നിർത്തിയിരുന്ന നിയമങ്ങൾ കോർപ്പറേറ്റ് താത്പര്യങ്ങൾ സംരക്ഷിക്കും വിധം പൊളിച്ചെഴുതാനാണ് ടി.എസ്.ആർ സുബ്രഹ്മണ്യൻ കമ്മിറ്റിയെ കേന്ദ്ര സർക്കാർ നിയോഗിച്ചതെന്ന് സംശയിപ്പിക്കുന്നു അവരുടെ റിപ്പോർട്ട്.

**കേരളീയം ഡസ്ക്**

പൊഴിച്ചെഴുത്ത് നടത്തുന്നത് ഈ നിയമങ്ങളുടെ അന്തഃസത്തയെ തന്നെ ചോദ്യം ചെയ്യുന്ന ഇടപെടലായാണ് വിലയിരുത്തപ്പെടുന്നത്. പരിസ്ഥിതി നിയമങ്ങൾ വൻകിട വികസന പദ്ധതികൾക്ക് തടസ്സമായി മാറരുതെന്നാണ് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തം.

**കമ്മിറ്റിക്ക് നൽകിയ ചുമതലകൾ**

1. പരിസ്ഥിതി സംരക്ഷണ നിയമം-1986, വനസംരക്ഷണ നിയമം-1980, വന്യജീവിസംരക്ഷണനിയമം-1972, ജലമലിനീകരണ നിരോധന-നിയന്ത്രണനിയമം-1974, വായൂമലിനീകരണ നിരോധന-നിയന്ത്രണനിയമം-1981 എന്നിവയാണ് പരിശോധിക്കാനായി ആദ്യം കമ്മിറ്റിയെ ഏല്പിച്ചിരുന്നത്. ഈ നിയമങ്ങളുടെ പ്രായോഗികവശങ്ങൾ, ഈ നിയമങ്ങൾക്ക് വിധേയമായി വന്നിട്ടുള്ള കോടതിവിധികൾ എന്നിവ പരിശോധിക്കാനും വേണ്ട ഭേദഗതികൾ നിർദ്ദേശിക്കാനുമാണ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നത്. നിശ്ചിതസമയത്തേക്കാൾ പത്ത് ദിവസങ്ങൾക്ക് മുമ്പ് റിപ്പോർട്ട് സമർപ്പിച്ച കമ്മിറ്റി സർക്കാറുമായും തല്പരകക്ഷികളുമായും മാത്രമാണ് ചർച്ച നടത്തിയത്.

മൂന്ന് പ്രധാന പ്രശ്നങ്ങളാണ് കമ്മിറ്റി കണ്ടെത്തിയിരിക്കുന്നത്. ഒന്ന്, പാരിസ്ഥിതിക-വനം അനുമതികൾക്ക് നേരിടേണ്ടിവരുന്ന കാലതാമസം, വിദഗ്ദ്ധരുടെ അഭാവം, തോന്നിയതുപോലുള്ള തീരുമാനങ്ങൾ. രണ്ടാമതായി മോശം പാരിസ്ഥിതിക മാനേജ്മെന്റ്. മൂന്നാമത് നിയമങ്ങളിലും നിർവ്വചനങ്ങളിലും വരുത്തേണ്ട മാറ്റങ്ങളും അവയെ ഏകീകരിക്കലും. എന്നാൽ വ

ളരെ ഉപരിപ്ലവമായ പ്രശ്നങ്ങളാണിവ. പ്രായോഗികമല്ലെന്ന കാരണം പറഞ്ഞ് പൂർണ്ണതയില്ലാത്ത കുറച്ച് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ഈ കമ്മിറ്റിയും ചെയ്തത്. പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കാൻ സാങ്കേതികചട്ടക്കൂടിലുള്ള സംവിധാനങ്ങളും പ്രതിസന്ധിഘട്ടങ്ങൾ തരണം ചെയ്യാനായി ഒരു അപ്പലേറ്റ് സംവിധാനവുമാണ് സുബ്രഹ്മണ്യൻ കമ്മിറ്റി നിർദ്ദേശിക്കുന്നത്. എന്നാൽ പ്രധാനമായും രണ്ട് ഉദ്ദേശങ്ങളാണ് ഇതിലൂടെ പ്രതിഫലിക്കുന്നത്: ഒന്ന് ഭരണപരമായ നൂലാമാലകളിൽ നിന്ന് കോർപ്പറേറ്റുകളെ ഒഴിവാക്കുക, രണ്ട് കോടതിയും കാര്യനിർവ്വാഹകരും തമ്മിലുള്ള അകലം വർദ്ധിപ്പിക്കുക. കേന്ദ്രതലത്തിൽ ഒരു ദേശീയ പാരിസ്ഥിതിക നിർവ്വാഹക അതോറിറ്റിയും (NEMA) സംസ്ഥാനതലത്തിൽ ഒരു സംസ്ഥാന പാരിസ്ഥിതിക നിർവ്വാഹക അതോറിറ്റിയും (SEMA) രൂപീകരിക്കാനും കമ്മിറ്റി നിർദ്ദേശിക്കുന്നു. ഇവ നിർമ്മിക്കാനുള്ള പാരിസ്ഥിതിക നിയമവും (Environment Law Management Act-ELMA) കമ്മിറ്റി എഴുതി തയ്യാറാക്കിയിട്ടുണ്ട്.

നിലവിൽ മലിനീകരണനിയന്ത്രണബോർഡും പാരിസ്ഥിതികാഘാതനിർണ്ണയസമിതികളും ചെയ്യുന്ന മലിനീകരണത്തോത് നിർണ്ണയിക്കൽ, അനുമതികൾക്കായുള്ള ഉപാധി നിർദ്ദേശിക്കൽ, അവയുടെ പരിശോധന തുടങ്ങിയ ജോലികൾ മേൽപ്പറഞ്ഞ അതോറിറ്റികളാകും ചെയ്യുക. ഇവ ശേഖരിക്കുന്ന കൃത്യമായ വിവരങ്ങൾ പാരിസ്ഥിതികാഘാതപഠന റിപ്പോർട്ടുണ്ടാക്കുന്നവർക്ക് ഒരു ഫീസ് നൽകി കൈമാറിയാൽ മികച്ച തീരുമാനങ്ങളുണ്ടാകുമെന്നാണ് കമ്മിറ്റിയുടെ പ്രതീക്ഷ. പദ്ധതികൾക്ക് അനുമതി നൽകാനുള്ള ഏകജാലക സംവിധാനം, പൊതുതെളിവെടുപ്പ് തുടങ്ങിയ നിലവിലെ സംവിധാനങ്ങൾ തകർത്ത് വിവിധ പദ്ധതികൾക്ക് ഉടനടി അനുമതി നൽകാനുള്ള അവസരമൊരുക്കലാണിവർ ചെയ്തിരിക്കുന്നത്. അപ്പീൽബോർഡുകൾ കേന്ദ്രതലത്തിലും മറ്റ് മേഖലകളിലും സ്ഥാപിക്കാമെന്ന നിർദ്ദേശത്തിലൂടെ അതോറിറ്റികളുടെ തീരുമാനങ്ങളെ എതിർക്കാൻ നീതിന്യായ വ്യവസ്ഥയ്ക്കുണ്ടായിരുന്ന അവസരവും ഒഴിവാക്കുകയാണ് കമ്മിറ്റി. എന്നാൽ 2010-ൽ നിലവിൽ വന്ന ദേശീയഹരിത ട്രിബ്യൂണൽ നിയമപ്രകാരം പദ്ധതിയെ എതിർക്കുന്നവർക്കോ പദ്ധതിയുമായി സമീപിക്കുന്നവർക്കോ ട്രിബ്യൂണലിന് മുമ്പാകെ അപ്പീൽ സമർപ്പിക്കാമായിരുന്നു. നാല് വർഷങ്ങൾക്കുള്ളിൽ നിർണ്ണായകമായ പല കേസുകളിലും മികച്ച രീതിയിൽ തീരുമാനങ്ങളെടുക്കാൻ ഹരിതട്രിബ്യൂണലിന് സാധിച്ചിരുന്നു.

**വിമർശനങ്ങൾ**

1. കമ്മിറ്റിയിലൊരാൾ പോലും പരിസ്ഥിതിരംഗത്ത് പ്രവർത്തിക്കുന്നവരല്ല. അതിനാൽ തന്നെ അവർ മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ ചോദ്യം ചെയ്യപ്പെടേണ്ടതാണ്.
2. പാരിസ്ഥിതികാനുമതികളിലെ പ്രധാന പ്രശ്നങ്ങളായ, (അ) പാരിസ്ഥിതികഘടകങ്ങളെപ്പറ്റിയുള്ള കൃത്യവും സത്യസന്ധവുമായ അറിവിന്റെ അപര്യാപ്തത (ആ) ഉള്ള വിവരങ്ങളെ പഠന ഏജൻസികളോ പദ്ധതി അനുകൂലികളോ വളച്ചൊടിക്കുന്ന പ്രവണത പരിഹരിക്കുന്നതിനായുള്ള യാതൊരു നിർദ്ദേശവും റിപ്പോർട്ടിലില്ല.
3. NEMA, SEMA എന്നിവയുടെ ഘടനയും അംഗങ്ങളുടെ യോഗ്യതയും കൃത്യമായി വിലയിരുത്തേണ്ടതാണ്. ഇക്കാര്യത്തിലും റിപ്പോർട്ട് നിശ്ശബ്ദത പാലിക്കുന്നു. മുതലാളിമാർക്ക് അനുകൂലമായ തീരുമാനങ്ങളെടുക്കുന്നവരാണ് ഇപ്പോൾ പാരിസ്ഥിതിക അനുമതി നൽകുന്ന വിദഗ്ധ സമിതിയിൽ (Exper-t Appraisal Committee - EAC) അംഗങ്ങളായുള്ളത്. രാഷ്ട്രീയ-ഭരണ സ്വാധീനങ്ങളിൽ നിന്നുകൊണ്ട് മാത്രമേ ഈ അതോറിറ്റികൾക്ക് നീതിനിർവ്വഹണം നടത്താനാകൂ.
4. ദേശീയഹരിതട്രിബ്യൂണലിനെ വേട്ടിനിരത്താനുള്ള നീക്കവും എതിർക്കപ്പെടേണ്ടതാണ്. പാരിസ്ഥിതികാഘാതപഠനം എന്ന നിർദ്ദേശം 2006-ൽ നിലവിൽ വന്നതിനു ശേഷം പദ്ധതിയെ എതിർക്കുന്നവർക്ക് ശബ്ദമുയർത്താൻ കഴിയുന്ന നിയമസാധുത ദേശീയഹരിതട്രിബ്യൂണൽ വഴി എളുപ്പം സാധ്യമായിരുന്നു. ഹരിത ട്രിബ്യൂണലിന് സ്വതന്ത്രാധികാരം തിരിച്ചുനൽകണം; മാത്രമല്ല അതേ രീതിയാലാകണം NEMA, SEMA എന്നിവയുടെയും പ്രവർത്തനവും.
5. നിയമങ്ങളുമായി ബന്ധപ്പെട്ട കോടതി ഉത്തരവുകളും കേസുകളും പരിശോധിക്കണമെന്ന ഉത്തരവാദിത്തം കമ്മിറ്റി പാലിച്ചിട്ടുണ്ടോ എന്ന് സംശയമുണ്ട്. കാരണം ഒരു കേസൊഴികെ മറ്റുത്തരവുകളൊന്നും തന്നെ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടില്ല. എന്നാൽ സുപ്രീംകോടതിയും ഹരിത ട്രിബ്യൂണലും പുറപ്പെടുവിച്ചിരിക്കുന്ന നിരവധി ഉത്തരവുകൾ പല കേസുകളിലും ഉണ്ടായിട്ടുണ്ട്.
6. പദ്ധതി കൊണ്ട് ആഘാതം നേരിടേണ്ടിവരുന്ന ജനവിഭാഗങ്ങൾക്ക് ശബ്ദമുയർത്താനുള്ള ഒരേയൊരു മാർഗ്ഗമാണ് പൊതുതെളിവെടുപ്പ്. എന്നാൽ നിയമ പിൻബലം കുറവായതിനാൽ ഇവ പല രീതിയിലും വളച്ചൊടി

ക്കപ്പെടുകയോ നിഷേധിക്കപ്പെടുകയോ ചെയ്യാറുണ്ട്. അതിനാൽ പദ്ധതി നിരീക്ഷക സമിതിയിൽ ബാധിതജനവിഭാഗങ്ങൾ, സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നിവയെ ഉൾപ്പെടുത്തി അവർക്ക് വിമർശിക്കാനും പരിശോധിച്ച് വിലയിരുത്താനുമുള്ള അവസരം പാരിസ്ഥിതികാഘാത പഠനങ്ങളുടെ തുടക്കത്തിൽ തന്നെ നൽകേണ്ടതാണ്. ഇവർക്കും NEMA, SEMA എന്നിവയ്ക്കും വേണ്ടിവന്നാൽ പദ്ധതി ഉപേക്ഷിക്കാനുള്ള അധികാരവും നൽകേണ്ടതാണ്.

6. റിപ്പോർട്ടിലൊരിടത്തും പദ്ധതിബാധിത ജനവിഭാഗങ്ങൾക്ക് എതിർപ്പ് പ്രകടിപ്പിക്കാനുള്ള അവസരം നൽകിയിട്ടില്ല. പദ്ധതിപ്രദേശത്ത് നേരിട്ട് വരികപോലും ചെയ്യാത്ത പാരിസ്ഥിതികാഘാത പഠന വിദഗ്ദ്ധരെയും അവരുടെ പഠനത്തെയും റദ്ദാക്കാൻ ഇവർക്ക് അവസരം നൽകേണ്ടതല്ലേ?

റിപ്പോർട്ടിലൊരിടത്തും പദ്ധതിബാധിത ജനവിഭാഗങ്ങൾക്ക് എതിർപ്പ് പ്രകടിപ്പിക്കാനുള്ള അവസരം നൽകിയിട്ടില്ല. പദ്ധതിപ്രദേശത്ത് നേരിട്ട് വരികപോലും ചെയ്യാത്ത പാരിസ്ഥിതികാഘാത പഠന വിദഗ്ദ്ധരെയും അവരുടെ പഠനത്തെയും റദ്ദാക്കാൻ ഇവർക്ക് അവസരം നൽകേണ്ടതല്ലേ?

8. വടക്ക് കിഴക്കൻ സംസ്ഥാനനദീതടങ്ങളിലെ നൂറുകണക്കിന് ജലവൈദ്യുതപദ്ധതികൾ, ഗംഗ-ബ്രഹ്മപുത്ര-തീസ്ത തുടങ്ങി നിരവധി നദീതടങ്ങളിൽ അനുമതി നൽകാനിരിക്കുന്നതും നൽകിയതും നടപ്പിലാക്കിയതുമായ പദ്ധതികൾ എന്നിവയുടെയെല്ലാം വഹനശേഷീപഠനങ്ങളും സഞ്ചിതാഘാതപഠനങ്ങളും (carrying capacity and cumulative impact assessments) നടക്കാനിരിക്കുകയാണ്. നദീതടത്തെ മുഴുവൻ പഠിക്കണമെങ്കിൽ ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വേണ്ടിവരും. ഇത്തരത്തിലുള്ള ദീർഘകാലപഠനങ്ങൾ പൂർത്തിയാക്കി നിയമസാധുത ലഭിക്കുന്നതുവരെ നൽകിയ അനുമതികൾ തടഞ്ഞുവെക്കാനുള്ള അധികാരം നൽകേണ്ടതാണ്.

9. പല കാരണങ്ങളാൽ നശിച്ചതോ നാശോന്മുഖമോ ആയ നദീതടങ്ങൾ പുനരുജ്ജീവിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഈ കമ്മിറ്റി പരിശോധിച്ച എല്ലാ നിയമങ്ങളും നദികളുമായി നേരിട്ടും അല്ലാതെയും ബന്ധപ്പെടുന്നവയാണ്.

10. റിപ്പോർട്ടിൽ ഖനനം ചെയ്യപ്പെട്ട മേഖലകൾ ഘട്ടങ്ങളായി ഹരിതവല്കരണം നടത്തി പുനർനിർമ്മിക്കുന്നതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഇതുപോലെ അടിയന്തിര പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ഇന്ത്യയിലെ നദീതടങ്ങളുടെ പുനരുജ്ജീവനം. നദികളെ പുനരുജ്ജീവിപ്പിക്കാനും വനജന്യമായ നിലവിലെ നദികളെയെങ്കിലും സംരക്ഷിക്കാനും അവയിലെ പാരിസ്ഥിതിക നീരൊഴുക്ക് നിലനിർത്താനുമുള്ള പദ്ധതിയും നിയമസംവിധാനവും രൂപീകരിക്കപ്പെടേണ്ടത് അത്യാവശ്യമാണ്.

11. വനത്തിന്റെ നിർവ്വചനം ലഘൂകരിച്ച് ബാക്കിയുള്ള കാടുകളും നശിപ്പിക്കുന്ന രീതി തുടരാനാവില്ല. ഇപ്പോൾത്തന്നെ കാട് എന്നാൽ പ്ലാന്റേഷനുകളും കൂടി ഉൾപ്പെടെയാണ്. അതിനാൽത്തന്നെ വനവിസ്തൃതി കൂടുന്നുവെന്ന പ്രസ്താവന ഈ റിപ്പോർട്ടിലും പരാമർശിക്കുന്നുണ്ട്! തേക്ക്, അൽബീസിയ തോട്ടങ്ങൾ പോലും സംരക്ഷിതവനങ്ങളുടെ കണക്കിലാണ് പെടുത്തിയിരിക്കുന്നതെങ്കിലും ഇവയൊന്നും തന്നെ കാടിന്റെ പാരിസ്ഥിതികധർമ്മങ്ങൾ നിർവ്വഹിക്കാനാകാത്ത ഹരിതാവരണം മാത്രമാണ്. ഉദാഹരണത്തിന് ചാലക്കുടിപ്പുഴയുടെ 1704 ച.കി.മീ വരുന്ന വൃഷ്ടിപ്രദേശത്തിൽ വെറും 100 ച.കി.മീ. മാത്രമാണ് മഴക്കാടുള്ളത്. അതിനാൽ വനങ്ങളുടെ യഥാർത്ഥ പാരിസ്ഥിതിക ധർമ്മം നിർവ്വഹിക്കുന്ന കാടുകൾ കണ്ടെത്തി അവയെ പ്ലാന്റേഷനുകളിൽ നിന്നും മാറ്റിനിർത്തി നിരോധിതമേഖലകളാക്കി സംരക്ഷിക്കേണ്ടതാണ്.

12. വനാവകാശനിയമത്തിലെ ഗ്രാമസഭകളുടെ പ്രത്യേകാധികാരം എന്ന ഭാഗം നീക്കം ചെയ്ത് നിയമം ഭേദഗതി ചെയ്യേണ്ടതുണ്ടെന്ന കമ്മിറ്റിയുടെ നിർദ്ദേശം ഒരിക്കലും അംഗീകരിക്കാനവില്ല. ആദിവാസികൾക്ക് തലമുറകളായി കൈമാറിക്കിട്ടിയിട്ടുള്ള വനഭൂമി വികസനപദ്ധതികളുടെ പേരു പറഞ്ഞ് അവരുടെ സമ്മതം കൂടാതെ തട്ടിയെടുക്കപ്പെടുന്നതിനെ ഇനി ന്യായീകരിക്കാനാവില്ല.

13. സംരക്ഷിതപ്രദേശങ്ങളും അവയ്ക്ക് പുറത്ത് 70 ശതമാനം ഹരിതമേലാപ്പുള്ള വനപ്രദേശങ്ങളും മാത്രമാണ് നിരോധിതമേഖലകൾ എന്നാണ് റിപ്പോർട്ട് പറയുന്നത്. എന്നാൽ നിലവിൽ 70 ശതമാനത്തിനും മുകളിൽ ഹരിതാവരണമുള്ളവ സാന്ദ്രതയേറിയ വനപ്രദേശം (VDF-Very Dense Forest) എന്ന് വിവക്ഷിക്കപ്പെടുന്നുണ്ട്. എന്നാൽ ഇന്ത്യയിലെ വനസർവ്വേ പ്രകാരം ഈ പ്രദേശം വെറും രാജ്യത്തെ മൊത്തം വനാവരണത്തിന്റെ

2.54 % മാത്രമാണ്. 40 ശതമാനം ഹരിതാവരണമുള്ളവ തന്നെ സാന്ദ്രതയുള്ള വനങ്ങളായാണ് കണക്കാക്കപ്പെടുന്നത്. അതായത് ഈ കമ്മിറ്റിക്ക് 40–70 ശതമാനത്തിനിടയിലുള്ള വനപ്രദേശത്തിൽ എന്ത് ചെയ്യുന്നതിനും യാതൊരു എതിർപ്പുമില്ല.

14. വന്യജീവിസംരക്ഷണനിയമത്തിൽ വലിയ പദ്ധതികൾ വന്യജീവികൾക്ക് വരുത്തിത്തീർക്കുന്ന മുഖ്യഭീഷണികളെക്കുറിച്ച് പറയാതെ മനുഷ്യ-വന്യജീവി സംഘർഷം, മൃഗവേട്ട, വന്യജീവിത്താരകളുടെ നാശം തുടങ്ങിയവ മാത്രമാക്കി ചുരുക്കിയിരിക്കുന്നു. അരുണാചൽപ്രദേശിൽ ദിബാങ്-സിയാങ് നദീതടങ്ങളിലുള്ള പദ്ധതികൾ ചേർത്ത് സ്ഥാനീയവും വംശനാശഭീഷണിപ്പട്ടികയിൽ വരുന്നവയുമായ നിരവധി ജീവജാതികളുടെ ആവാസവ്യവസ്ഥയായ 23,000 ഹെക്ടറാണ് മുങ്ങിപ്പോകുക.

15. പാരിസ്ഥിതികനീതിനിർവ്വഹണം എന്ന ഭാഗത്തിൽ 'സംരക്ഷണം' എന്നതിനേക്കാൾ 'അതിവേഗഅനുമതി'യ്ക്കാണ് പ്രാധാന്യം എന്ന് വ്യക്തമാണ്. 113-ാം പേജിൽ 'വേഗത്തിൽ' എന്ന വാക്ക് 13 തവണയാണ് ആവർത്തിട്ടിരിക്കുന്നത്!

16. ഭൂമിശാസ്ത്ര വിവര സംവിധാനം (GIS) ഉപയോഗിച്ചുണ്ടാക്കുന്ന പാരിസ്ഥിതികവിവരശേഖരണപ്രക്രിയയിൽ ബാധിതജനവിഭാഗങ്ങളെയും അവരെ സഹായിക്കുന്ന സന്നദ്ധസംഘടനകളെയും ഒഴിവാക്കിയിരിക്കുകയാണ്. പരിശോധിക്കുന്ന ഏജൻസികൾക്കും പദ്ധതിയെ അനുകൂലിക്കുന്നവർക്കുമാണ് ഈ വിവരശേഖരം ഉപയോഗിക്കാനാകൂ എന്നാണ് പറഞ്ഞിരിക്കുന്നത്.

17. പാരിസ്ഥിതികാനുമതികൾ അംഗീകരിക്കുന്ന പ്രക്രിയയിൽ നിന്നും വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഇടപെടലൊഴിവാക്കുക. കാരണം പാരിസ്ഥിതികനിയന്ത്രണത്തിനുള്ള അധികാരം ഭരണതന്ത്ര-രാഷ്ട്രീയസമ്മർദ്ദങ്ങളെ അതിജീവിക്കാൻ കെല്പുള്ളവരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടാൽ മാത്രമേ പരിസ്ഥിതി യഥാർത്ഥത്തിൽ സംരക്ഷിക്കപ്പെടൂ.

18. കമ്മിറ്റി തയ്യാറാക്കിയ പാരിസ്ഥിതിക നിയമനിർവ്വഹണ നിയമത്തിൽ പദ്ധതിയെ അനുകൂലിക്കുന്നവർക്ക് നൽകിയിരിക്കുന്ന നിർവ്വചനം രസകരമാണ്. പദ്ധതിയെ അനുകൂലിക്കുന്ന ആരും, പാരിസ്ഥിതികാഘാതപഠന ഏജൻസികളുൾപ്പെടെ പദ്ധതി അനുകൂലികളിൽപ്പെടാം എന്ന് പറയുന്നത് ഏതർത്ഥത്തിലാണ്? പദ്ധതി പരിശോധിക്കേണ്ടവരും അതിലുൾപ്പെടുമ്പോൾ അവരെല്ലാം ആദ്യമേ പദ്ധതി അനുകൂലികളുടെ ലിസ്റ്റിൽപ്പെടുന്നു എന്ന് അനുമാനിക്കേണ്ടതല്ലേ? ആഘാതപഠനവിദഗ്ദ്ധരെ ഈ നിർവ്വചനത്തിലുൾക്കൊള്ളിക്കാനാവില്ല.

19. പദ്ധതികളുടെ കാലചക്രം പല രീതിയിലുള്ളവയ്ക്ക് പ്രത്യേകം നിർണ്ണയിക്കുന്ന രീതി സ്വീകരിക്കാവുന്നതാണ്. പദ്ധതികളുടെ ദീർഘകാല സാമ്പത്തിക-പാരിസ്ഥിതികസാധ്യതകൾ നിശ്ചയിക്കുന്നതും നല്ല പ്രവണതയാണ്. പാരിസ്ഥിതികനഷ്ടങ്ങളും പദ്ധതിച്ചെലവും ഇടയ്ക്കിടെ താരതമ്യം ചെയ്തുനോക്കാൻ ഇത് സഹായിക്കും. മാത്രമല്ല, പദ്ധതികളുടെ ആയുസ്സ് അറിയാൻ 25 കൊല്ലം കൂടുമ്പോൾ പാരിസ്ഥിതികാഘാത പഠനങ്ങൾ നടത്താവുന്നതാണ്.

20. നിലവിൽ വ്യാവസായികാവശ്യങ്ങൾക്ക് മാത്രം നടത്തിവരുന്ന പാരിസ്ഥിതിക ഓഡിറ്റ് ഖനനം, ജല-താപവൈദ്യുതപദ്ധതികൾ, അണക്കെട്ടുകൾ, റോഡുകൾ എന്നിവയ്ക്കും ബാധകമാക്കുന്നത് വളരെ നന്നായിരിക്കും. ഈ കണക്കെടുപ്പിൽ എല്ലാ ബാധിതജനവിഭാഗങ്ങളും പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും വിവരങ്ങളുമെല്ലാം ഉൾപ്പെടുന്നുണ്ടെന്ന് കേന്ദ്രമന്ത്രാലയം ഉറപ്പുവരുത്തുകയും വേണം.

21. ഉന്നതാധികാരസമിതിക്ക് അംഗീകാരം നൽകേണ്ടത് സാധാരണ പ്രധാനമന്ത്രിയാണ്, എന്നാൽ ഇവിടെ അങ്ങനെ നടന്നിട്ടില്ല. മാത്രമല്ല, അംഗങ്ങളുടെ യോഗ്യതയെക്കുറിച്ചും തെരഞ്ഞെടുപ്പിനെക്കുറിച്ചും നിരവധി സംശയങ്ങളും ആരോപണങ്ങളുമുണ്ട്.

22. റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുന്നോടിയായി നടന്ന കൂടിയാലോചന-സംവാദ പ്രക്രിയകളും സംശയകരമാണ്. ചില നഗരങ്ങൾ കേന്ദ്രീകരിച്ച് മാത്രമേ കൂടിയാലോചനകൾ നടന്നിട്ടുള്ളൂ. ഉന്നതാധികാരസമിതി റിപ്പോർട്ടിൽ സമർപ്പിക്കപ്പെട്ട കത്തുകളുടെയോ നിർദ്ദേശങ്ങളുടെയോ ഉള്ളടക്കമോ മിനിട്ട്സോ ഒന്നും നൽകിയിട്ടില്ല. കൂടാതെ എതിർപ്പുകളുന്നയിച്ചുകൊണ്ടുള്ള മറുപടികൾ 1000 വാക്കിൽ കവിയാൻ പാടില്ല എന്ന നിബന്ധനയും വച്ചിരിക്കുന്നു.

സൂക്ഷ്മമായി നിരീക്ഷിച്ചാൽ ഉന്നതാധികാരസമിതി കണ്ടെത്തിയ പ്രശ്നം തന്നെ തെറ്റാണ്. അനുമതി വൈകിക്കലല്ല; മറിച്ച് ധൃതിയിൽ അനുമതി നൽകുന്നതാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പ്രശ്നം. പല കേസുകളിലും ഈ പ്രശ്നം ആവർത്തിച്ചുപറഞ്ഞിട്ടുമുണ്ട്. പരിസ്ഥിതി സംരക്ഷിക്കാമെന്നല്ല, മാനേജ് ചെയ്തുകളയാമെന്ന് കരുതുന്ന സമിതിയോട് എന്തുപറയാൻ?

*(കടപ്പാട്: ഡോ. എ.ലത, എസ്.പി. രവി, സബ്ന)*